# ST. George's C U P S
# Karanchira

# ACADEMIC MASTERPLAN



# ആമുഖം

ഒരു നാടിന്റെ മുഴുവൻ സ്നേഹവും പ്രോൽസാഹനവും നെഞ്ചിലേറ്റി 65 വർഷത്തിന്റെ പാരമ്പര്യവുമായി കരാഞ്ചിറയുടെ ഹൃദയഭാഗത്ത്  സ്ഥിതി ചെയുന്ന സെന്റ് ജോർജസ് സി യു പി സ്കൂൾ .1958 സെപ്റ്റംബർ ഒന്നാം തീയതി സ്ഥാപിതമായ ഈ വിദ്യാലയം പുതിയ കെട്ടിട സമുച്ചയത്തിൽ പ്രൗഢിയോടെ ഉയർന്നു നിൽക്കുന്നു .ഇവിടെ ആദ്യാക്ഷരം കുറിച്ചു പഠിച്ചു വന്നവരിൽ പലരും ഇന്നു ഉന്നത സ്ഥാനങ്ങളിൽ എത്തി ചേർനിരിക്കുന്നു എന്നതു ഈ സ്ഥാപനത്തിന്റെ പൊൻത്തിള്ളക്കം വർദ്ധിപ്പിക്കുന്നു .കുട്ടികളുടെ ഭൗതികമായ വളർച്ച മാത്രമല്ല ആത്മീയ വളർച്ചയും ഈ വിദ്യാലയം  ലക്ഷ്യം വയ്ക്കുന്നു . അക്കാദമിക രംഗത്തും ഒപ്പം തന്നെ കലാകായിക ശാസ്ത്രപരിചയ മേളകളിലും ഈ വിദ്യാലയം നേടിയേടുക്കുന്ന ഉന്നത വിജയങ്ങൾ ഈ വിദ്യാലയത്തിന്റെ പാരബര്യവവും അന്തസും ഇപ്പോഴും നിലനിർത്തുന്നു . അധ്യാപകരുടേ അർപ്പണ മനോഭാവത്തോടെയുള്ള പ്രയത്നത്തിന്റെയും നല്ലവരായ രക്ഷിതാക്കളുടെയും അഭ്യുദയകാംക്ഷീകളുടെയും സഹകരണത്തിന്റെയും പ്രോൽസാഹനത്തിന്റെയും ഫലങ്ങളാണ് ഈ വിദ്യാലയം നേടിയെടുക്കുന്ന ഓരോ വിജയങ്ങളും . അതോടൊപ്പം തന്നെ ബി. ആർ. സിയിൽ നിന്നും നൽകി വരുന്ന അധ്യാപക പരിശീലനവും ഗണിത കിറ്റുകളും ഈ വിദ്യാലയത്തെ മികച്ചതാക്കുന്നു .പൊതു വിദ്യാലയങ്ങളുടെ സമഗ്രഗുണമേന്മ ലക്ഷ്യമാക്കി മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടെ പി.ടി.എ,എസ്.ആർ.ജി, എസ്.എസ്.ജി,സ്റ്റാഫ് ഉടങ്ങിയ ഗ്രൂപ്പിന്റെ സഹകരണത്തോടെ പോയ വർഷങ്ങളിലെ  മികവുകളെ നിലനിർത്തികൊണ്ട് കുറവുകളെ പരിഗണിച്ചുകൊണ്ടുള്ള ആസൂത്രണമാണ് ഈ മാസ്റ്റർപ്ലാൻ.



## പഠനലക്ഷ്യങ്ങൾ

*സ്കൂളിൽ എത്തി ചേരുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈ വരിച്ചു എന്നു ഉറപ്പുവരുത്തുക .

*ഈ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ രീതിയിൽ സമഗ്ര ഗുണമേന്മ വിദ്യഭ്യാസം ഉറപ്പു വരുത്തുക .

*കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോൽസാഹിപിച്ചു ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക .

*എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ,ഹിന്ദി ഭാക്ഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഉള്ള കഴിവുകൾ ഉറപ്പു വരുത്തുക .

*വിവര സാങ്കേതികവിദ്യയിലെ നൂതന മേഖലകളേയും, ഉപകരണങ്ങളെയും പരിചയപെടുത്തുകയും പഠന പ്രവർത്തങ്ങളിലൂടെ ഉപയോഗപ്രധമാക്കുകയും ചെയുനതിനു വിദ്യാർതികളെ പ്രാപ്തരാക്കുക .

*എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക .

*ലിംഗ പദവിയും അവസര തുല്യതയും സംബന്ധിച്ച കാഴ്ചപാടു വികസിപ്പിക്കുക .



## മേഖല  മലയാളം എൽ.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാനം ഭാഷാ വികസനം | പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | പി ടി എ |
| ലേഖനം മികവ് | ചെറിയ പതിപ്പുകൾ തയ്യാറാക്കൽ, കഥ,കവിതകൾക്ക് വേദിയൊരുക്കൽ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | പിടിഎ |
| സാഹിത്യ പ്രതിഭകളെ അടുത്തറിയാൻ | കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം പുസ്തക ശേഖരണം | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | |
| വായന പരിപോഷണം | വായന കളരി | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം | ലക്ഷ്യത്തെ നേടുന്നതുവരെ | ക്ലാസ് ടീച്ചർ | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്ന് നേടിയ നൈപുണികൾ | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | |

# ST. GEORGE'S C U P S KARANCHIRA

## മേഖല-എൽ. പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ,<br>ജാമിതീയ രൂപങ്ങളുടെ നിർമ്മാണം | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | |
| ഗണിത പഠനം രസകരമാക്കൽ,ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ, (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം-വ്യവകലനം ( കച്ചവടക്കളി) | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | PTA |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | PTA |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് | സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുത്ത് അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം,ഹരണം | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | PTA |
| കുട്ടികളിൽ സംഖ്യാവബോധം വളർത്തുന്നതിന് | സംഖ്യാ ഗാനം ഗ്രൂപ്പ് തിരിഞ്ഞ് അവതരണം | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | PTA |

# ACADEMIC MASTER PLAN - ENGLISH

## LP SECTION

| SL NO. | MONTH | AREA | ACTIVITIES | REMARKS |
|---|---|---|---|---|
| 1 | June | Phonics & Reading | ✦ Phonics songs and letter-sound matching games.<br>✦ Read-aloud of simple illustrated stories. | |
| 2 | July | Speaking & Confidence | ✦ "Show & Tell": bring an object and say one sentence.<br>✦ Simple role-play: greetings, school scenes. | |
| 3 | August | Writing & Handwriting | ✦ Practice writing letters and words neatly.<br>✦ Label pictures with single words (e.g. cat, sun). | |
| 4 | September | Reading & Comprehension | ✦ Group reading of short sentences/stories.<br>✦ "Draw & Describe": draw something, then describe it in 2–3 sentences. | |
| 5 | October | Vocabulary & Grammar | ✦ Learn days of the week and months with songs.<br>✦ Matching games with nouns and pronouns. | |
| 6 | November | Listening & Following | ✦ "Simon Says" with classroom actions.<br>✦ Listen to short audio stories and answer simple questions. | |
| 7 | December | Creative Speaking | ✦ Mini Christmas skit or group dialogue.<br>✦ Speak about a festive picture in 2–3 sentences. | |
| 8 | January | Poem & Rhyme | ✦ Recite a short, fun poem.<br>✦ Play a rhyming words game (find cards with matching rhymes). | |
| 9 | February | Writing & Expression | ✦ Write 3–5 sentences about "My Favourite Animal" or "My Friend."<br>✦ Partner reading aloud. | |
| 10 | March | Revision & Celebration | ✦ Revision games: Bingo, memory cards, matching.<br>✦ "English Day": children perform a favourite activity. | |

മേഖല : എൽ.പി പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചുറ്റുപാടുമുള്ളവയെ നിരീക്ഷിച്ചു പ്രത്യേകതകൾ കണ്ടെത്തുന്നു.<br>ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് .<br>ശാസ്ത്രവബോധം വളർത്തുക. | പ്രകൃതി നടത്തം<br>ശുചിത്വ പോസ്റ്റർ രചന മൽസരം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു , കുറിപ്പുകൾ തയാറാക്കുന്നു | ജൂൺ | ക്ലാസ്സ് ടീച്ചർ. | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും<br>ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | പുഷ്പോദ്യനം , ഔഷധത്തോട്ടം,<br>ശാസ്ത്രമൂല നിർമ്മാണം | ജൂലൈ , ആഗസ്റ്റ് | ക്ലാസ്സ് ടീച്ചർ, SRG. | S M C,S S A |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിനും. | ഭക്ഷ്യമേള പ്രദർശനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പലഹാരങ്ങളുടെ പാചകവും രുചി അറിവും . | സെപ്തംബർ ഒക്ടോബർ | ക്ലാസ്സ് ടീച്ചർ, SRG. | S M C |
| പ്രകൃതി വിഭവ സംരക്ഷണം<br>നാടറിയാൻ നാട്ടറിവുകൾ. | ജൈവവൈവിധ്യ പാർക്ക്,മഴക്കുഴി നിർമ്മാണം, ജലസ്രോതസുകൾ , പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>കർഷകരുമായി അഭിമുഖം , കൃഷിയിടത്തിലേക്കു പഠനയാത്ര | നവംബർ | നാട്ടുകാർ ക്ലാസ്സ് ടീച്ചർ, SRG | S M C |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കൽ . | ശാസ്ത്രപ്രതിഭകളെ അടുത്തറിയൽ, ശാസ്ത്ര മാസികകൾ പരിചയപെടൽ | ഡിസംബർ, ജനുവരി | ക്ലാസ്സ് ടീച്ചർ, SRG | S M C |

മേഖല : എൽ.പി പരിസരപഠനം

| | | | | |
|---|---|---|---|---|
| കേരളം ഇന്ത്യ ഭൂപട വായനസൂചിക പരിചയപ്പെടുത്തൽ<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ഭൂപടം ഒരുക്കാം<br>ശാസ്ത്രമേള, ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര മാസികകളുടെ നിർമ്മാണം | ഫെബ്രുവരി, മാർച്ച് | H.M, ക്ലാസ്സ് ടീച്ചർ, SRG, | S M C |

# മേഖല യുപി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയസംവേദന നടത്താനും പഠന സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം** കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ് എന്നിവയിലൂടെ അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷ കേളി** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ കണ്ടെത്തി അവ വായിക്കാൻ അവസരം നൽകുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളും വാക്യങ്ങളും** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| വായന ഉറപ്പുവരുത്തുന്നു | **പത്രവായന** പത്രവായനയിലൂടെ പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാദിവസവും | മലയാളം അധ്യാപകർ | |
| | **വായന** കുട്ടികൾക്ക് ക്ലാസ് സ്ഥലത്തിൽ ലൈബ്രറി വായനക്ക് അവസരം നൽകുന്നു. | | | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | പിടിഎ, സ്കൂൾ | |
| കുട്ടികളുടെ റേഡിയോ അവതരണം | **റേഡിയോ** വെള്ളിയാഴ്ച ദിവസങ്ങളിൽ, റേഡിയോയിലൂടെ കുട്ടികൾ വിവിധ പരിപാടികളുടെ അവതരണം നടത്തുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. | എല്ലാ വെള്ളിയാഴ്ചകളിലും | ക്ലാസ് ലീഡർമാർ, ക്ലാസ് ടീച്ചേഴ്സ് | |

# Academic Master Plan
## English
## UP Section

| Sl no | Month | Area | Activities | Remarks |
|---|---|---|---|---|
| 1 | June | Listening Reading writing | Self introduction (Oral and written)Sharing of holiday experiences- word chain - sentence Chain- WordWeb - Hello English activities- Pre test, Speeches on on Environmental Day, Readers day | |
| 2 | July | Speaking | Formation of English club- English assembly- Dramatisation of stories, conversations - Monthly test | |
| 3 | August | Vocabulary | Introducing English library, Newspaper reading,- book review- Reading breaking news, Identify rhyming words, describing words books growing sentence Game | |
| 4 | September | Addressing slow paced learners | sharing Onam holiday experiences ( oral and written) parents meet- One to one discussion, special coaching classes for slow paced learners | |
| 5 | October | Communication | Theatre workshop- Conducting debates and seminars | |
| 6 | November | Writing vocabulary | Publishing magazine in English - making sentence card - spelling contests- word games - Mid term exam | |
| 7 | December | writing listening Speaking | Second Terminal examination- Parents meet - evaluation of performance and collective measures | |
| 8 | January | communication | Sharing of Christmas holidays experiences( oral and written ) English assembly, School radio, audio and video clipping on correct pronunciation classes on phonetics by experts - Readers theatre | |
| 9 | February | support to gifted | Make English magazine including children's activities | |
| 10 | March | | Padanothsavam- exhibition | |

# മേഖല- ഹിന്ദി യു.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5, 6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br><br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും. ചിത്രങ്ങൾ അക്ഷരമാല ചാർട്ട് സിഡിയും അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി വായന: തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷാ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും<br><br>വായനയ്ക്ക്..... Reader fight മത്സര വായന തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |

# മേഖല യു പി ഗണിതം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനം | **ഗണിതകേളി** കളിരീതിയിലൂടെ എല്ലാക്ലാസുകളിലും അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു | ജൂൺമാസം | ഗണിത അധ്യാപകർ | |
| ഗണിത പഠനം പ്രവർത്തനങ്ങളിലൂടെ | **ഗണിത ശില്പശാല** ഗണിതത്തിലെ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനസഹായികൾ നിർമ്മിക്കുന്നതിനായി ഒരു ശില്പശാല സംഘടിപ്പിക്കുന്നു | ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | പി ടി എ |
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിത ലാബ്** വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കി അതിൽ ഗണിത ക്ലാസ്സ്സംഘടിപ്പിക്കുന്നു | ആവശ്യമനുസരിച്ച് | ഗണിത അധ്യാപകർ<br>ഗണിതക്ലബ് അംഗങ്ങൾ | |
| കുട്ടി നേടിയ ഗണിത ശേഷികൾ പ്രായോഗികമാക്കുന്നതിന് | **ഗണിതമേള** കുട്ടിനേടിയ ഗണിതശേഷികൾ പ്രയോഗത്തിൽ വരുത്തുന്നതിനു വേണ്ടി സ്കൂൾതല ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു | ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നതിനു വേണ്ടി | **ഗണിതക്ലിനിക്** ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തിമുൻ നിരയിലേക്കെത്തിക്കുന്നതിനുവേണ്ടി അധ്യാപകരും ഗണിതത്തിൽ മുന്നോക്കം നിൽക്കുന്നകുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നു | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും ഗണിതത്തിൽ പ്രാവീണ്യം നേടിയ കുട്ടികളും | |
| ഗണിത ശേഷികൾ ഉറപ്പിക്കുന്നതിനുവേണ്ടി | **ഗണിതനിഘണ്ടു** ഗണിതശേഷികൾ ഉറപ്പിക്കുന്നതിനായി കുട്ടികളെക്കൊണ്ട് ഗണിതനിഘണ്ടു തയ്യാറാക്കിക്കുന്നു | വർഷം മുഴുവനും | ഗണിത അധ്യാപകർ | |
| | | | | |

## മേഖല :അടിസ്ഥാന ശാസ്ത്രം യു പി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണ കളരി<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു.പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ , സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്ര വിസ്മയ ചുമർ<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു<br><br>യുറേക്ക<br><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയ യാത്ര<br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.പുതിയ കണ്ടെത്തലുകൾ ,ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

# മേഖല -യു.പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ,ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങി അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ഉപസംഹാരം

ലോകമെങ്ങും അക്രമങ്ങളും
അസമത്വങ്ങളും വർദ്ധിച്ചുവരുന്ന
ഈ കാലഘട്ടത്തിൽ പുതിയ
തലമുറയെ നീതിബോധവും
നന്മയും ഉള്ള മനുഷ്യരായി
വളർത്തിയെടുക്കുന്നതിനുവേണ്ടി
വിദ്യാലയങ്ങൾ മാറേണ്ടതുണ്ട്
എന്ന കാഴ്ചപ്പാടിൽ സമഗ്രമായ
ഒരു പദ്ധതി ആസൂത്രണം
ചെയ്തു നടപ്പിലാക്കാനാണ്
ഇതുവഴി ഉദ്ദേശിക്കുന്നത്.
അക്കാദമികവും സാമൂഹികവുമായ
വികസനത്തോടൊപ്പം ഭൗതികമായ
സൗകര്യങ്ങളും സമ്പുഷ്ടമാക്കുന്നതിന്
ഈ വികസനരേഖ സഹായകമാകും
എന്ന് പ്രതീക്ഷിച്ചുകൊണ്ട്..........

